(ഡി) ഇന്റർഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത് ഇൻഷ്വറൻസ് ഡയറക്ടർ ആണ്. ഇന്റർഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ അനുവദിക്കുമ്പോൾ പാലിക്കേണ്ട ചട്ടങ്ങളെല്ലാം മേൽപ്പറഞ്ഞവരുടെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചുവരികയാണ്.

(ഇ) ചിലരുടെ നിയമനം ട്രാൻസ്ഫർ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

(എഫ്) അൻപത്തി നാല് പേർക്ക്.

(ജി)	പി.എസ്.സി.	.. 35
	ഇന്റർഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ	.. 14
	ഡൈയിംഗ് ഇൻ ഹാർനസ്സ്	.. 5

(എച്ച്) പരിശോധിച്ചുവരുന്നു.

(ഐ) ബാധകമല്ല.

സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റ് വ്യവസ്ഥകൾ

24 [2887] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റ് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ റീഇംപേഴ്സ്മെന്റ് വ്യവസ്ഥകളിൽ എന്തെങ്കിലും പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തുകയുണ്ടായോ എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) മെഡിക്കൽ റീഇംപേഴ്സ്മെന്റ് വ്യവസ്ഥകളിൽ പുതിയ പരിഷ്ക്കാരങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജീവനക്കാരുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റ് 1960-ലെ കേരള സർക്കാർ സർവീസ് മെഡിക്കൽ അറ്റൻഡൻസ് ചട്ടങ്ങൾ അനുസരിച്ചാണ് നൽകിവരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന നടപടികൾ എടുത്തു:

1. ചികിത്സാർത്ഥം നൽകിവരുന്ന പലിശരഹിത വായ്പയ്ക്കുള്ള അപേക്ഷകൾ ഒരു വിദഗ്ദ്ധ സമിതിയുടെ പരിഗണനയ്ക്കു വിടണം എന്ന് 5-6-2004-ലെ ജി.ഒ. (ആർ.ടി.) 1678/03/H&FWD ഉത്തരവ് പ്രകാരം നിഷ്ക്കർഷിച്ചിരുന്നു. എന്നാൽ ഈ തീരുമാനം പിന്നീട് സർക്കാർ പുനഃപരിശോധിക്കുകയും വിദഗ്ദ്ധ കമ്മിറ്റിയുടെ പരിശോധന ആവശ്യമില്ല എന്നു തീരുമാനിക്കുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

2. വളരെ ചെലവ് കൂടിയതും ഇപ്പോഴത്തെ ഉത്തരവുകളിൽ ഉൾപ്പെടുത്താത്തതുമായ പുതിയ ചികിത്സകളും മറ്റും നടത്തുന്നതിനുവേണ്ടി പലിശരഹിത വായ്പയ്ക്ക് അപേക്ഷിക്കുന്നവരുടെ അപേക്ഷകൾ ആരോഗ്യവകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായുള്ള ഒരു വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് 18-3-2004-ലെ ജി.ഒ. (ആർ.റ്റി.) 807/04/H&FWD ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(സി) വിവിധയിനം ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കും വിവിധ ആശുപത്രികൾ ഏകീകൃതമായ നിരക്കുകൾ അല്ല ഈടാക്കുന്നത്. അതുകൊണ്ട് ഇത് ശാസ്ത്രീയമായി റീഇംബേഴ്സ്മെന്റ് ആവശ്യത്തിലേക്ക് ഏകീകരിച്ച് പരിഷ്ക്കരിക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ

25 [2888] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ ഏതെല്ലാം ബാങ്കുകളുമായി സഹകരിച്ചാണ് ലഭ്യമാക്കുന്നത്;

(ബി) ലോൺ തുക തിരിച്ചടക്കുന്നത് ശമ്പളത്തിൽ ഉള്ള പിടുത്തം വഴിയാണോ;

(സി) എങ്കിൽ ലോൺ എടുത്തിട്ടുള്ള ചില ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും യഥാസമയം തിരിച്ചുപിടിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് ജീവനക്കാരുടെ ബാദ്ധ്യത ക്രമാതീതമായി വർദ്ധിപ്പിക്കുമെന്നതിനാൽ യഥാസമയം വായ്പ ഗഡു തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കാനറാ ബാങ്ക്, കോർപ്പറേഷൻ ബാങ്ക്, ഫെഡറൽ ബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക്, എച്ച്.ഡി.എഫ്.സി., ഇൻഡ്യൻ ബാങ്ക് എന്നീ ബാങ്കുകളുമായി സഹകരിച്ചാണ് ലഭ്യമാക്കുന്നത്.

(ബി) ഭവന വായ്പാ നിയമാവലി അനുസരിച്ച് വായ്പാ തുക മാസം തോറും ശമ്പളത്തിൽ ഉള്ള പിടുത്തം വഴിയാണ് തിരിച്ചടക്കേണ്ടത്.

(സി) 20-3-2003-ലെ സർക്കാർ ഉത്തരവ് (പി) നം. 173/03/ധന.യിലാണ് സർക്കാർ ജീവനക്കാർക്ക് ബാങ്കു മുഖാന്തിരം ഏർപ്പെടുത്തിയ ഭവന വായ്പ തിരിച്ചുപിടിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. എന്നാൽ ഈ ഉത്തരവിൽ ചില അവ്യക്തതകൾ ഉള്ളതിനാൽ പല ഓഫീസുകളിലും ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും വായ്പ തുക തിരിച്ചു പിടിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടും ഉണ്ട്. ഇവ പരിഹരിച്ചുകൊണ്ടുള്ള പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഡി) യഥാസമയം വായ്പ ഗഡു തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly